**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **15-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി ധനസഹായത്തോടെയുള്ള സ്റ്റേഡിയനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയിരുന്ന കിറ്റ്കോ കാലതാമസം വരുത്തിയത് മൂലം അവരിൽ നിന്ന് ഏതെങ്കിലും പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | (എ) | കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി യായ കിറ്റ്കോയിൽ നിന്നും 23 പ്രവൃത്തികൾ 14.10.2022 ലെ സ.ഉ(സാധാ) നം.267/2022/S&YA പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം കിറ്റ്കോയിൽ നിന്ന് ഏറ്റെടുത്ത എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | കിറ്റ്കോയിൽ നിന്നും ഏറ്റെടുത്ത മൂന്ന് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ എത്ര പ്രവൃത്തികളാണ് കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ച പോയ ആറ് പ്രവൃത്തികൾ കിറ്റ്കോയിൽ നിന്നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

2356

| സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയിൽ നിന്നും ഏറ്റെടുത്ത കിഫ്ബി പ്രവൃത്തികൾ | | |
|---|---|---|
| ക്രമ നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
| 1 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | നിർമ്മാണം ആരംഭിച്ചിട്ടില്ല. കണ്ണൂർ ജില്ലാ സ്റ്റേഡിയം, മുണ്ടയാട് ചെയ്യുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ പ്രസ്തുത പദ്ധതി കില കാമ്പസ്സിൽ ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ പദ്ധതി നിർവ്വഹണ ഏജൻസി 26.09.2024 ൽ കായിക യുവജനകാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 14.03.2024 ന് ആരംഭിച്ചു. നിലവിൽ 5% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 3 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | പദ്ധതിയുടെ ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് എന്ന കരാറുകാരന് 27.09.2024 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഉടൻ തന്നെ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 4 | മലപ്പുറം മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പദ്ധതികൾക്കായി ഭരണാനുമതി ലഭിച്ച തുകയും കൂടാതെ തിരൂർ മുനിസിപ്പൽ സ്റ്റേഡിയം, ഫറൂക്ക് സ്റ്റേഡിയം എന്നീ പദ്ധതികളുടെ ഭരണാനുമതി തുകയും ചേർത്ത് 125 കോടി രൂപയ്ക്ക് കാലിക്കട്ട് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഇന്റർ നാഷണൽ സ്റ്റേഡിയം തിരൂർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 07.10.2024 ന് കായിക യുവജനകാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 5 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയം ഇൻഡോർ | |
| 6 | കോട്ടയം മേബിൾ സൂസൻ തോമസ്സ് ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പദ്ധതിയുടെ 47.81 കോടി രൂപയുടെ ഡി.പി.ആർ 28.09.2024 ന് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിൽ പരിശോധിച്ച് വരികയാണ്. |
| 7 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പദ്ധതിയുടെ കരട് ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനായി പാലക്കാട് മുനിസിപ്പാലിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 8 | ജി.വി രാജാ സെന്ററർ ഫോർ എക്സലൻസ്, മേനംകുളം | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. പദ്ധതി നിർവ്വഹണ ഏജൻസി |

| | | |
|---|---|---|
| | | രണ്ടാഴ്ച്ചയ്ക്കകം ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| 9 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് , അരൂർ | 10.85 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 12.02.2024 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിൽ പരിശോധിച്ച് വരികയാണ്. |
| 10 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10.13 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 10.10.2023 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിൽ പരിശോധിച്ച് വരികയാണ്. |
| 11 | അമ്പലപ്പുഴ ഗവ. കോളേജ് | കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായ് ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തികരിച്ചു. സ്ട്രക്ച്ചറൽ പ്രവൃത്തിയ്ക്ക് 23.05.2024 ൽ സാങ്കേതികാനുമതി നല്കി 07.03.2024 ന് കോട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അബ്സല്യൂട്ട് സിവിൽ എഞ്ചിനീയറിംഗ് സൊല്യൂഷൻസ് എൽ എൽ പി എന്ന സ്ഥാപനത്തിന് 30.05.2024 ൽ വർക്ക് ഓർഡർ നല്കി. നിലവിൽ സ്ട്രക്ച്ചറൽ ഡിസൈൻ പ്രവൃത്തികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയായതിനു ശേഷം എസ്റ്റിമേറ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയ്ക്ക് രണ്ടാഴ്ചയ്ക്കകം സമർപ്പിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ധാരണാപത്രം 26.03.2024 ന് റ്റി.ഡി. മെഡിക്കൽ കോളേജ് അധികൃതർക്ക് അയച്ചു കൊടുത്തിരുന്നെങ്കിലും ഒപ്പ് വച്ച അസ്സൽ ധാരണാപത്രം ലഭ്യമായിട്ടില്ല. |
| 12 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | പദ്ധതിയുടെ 4.47 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 02.04.2024 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിൽ പരിശോധനയിലാണ്. |
| 13 | ആലപ്പുഴ റോവിംഗ് ട്രാക്ക് | പ്രസ്തുത പദ്ധതിക്ക് ലാൻഡ് അക്വിസിഷൻ ആവശ്യമായ തിനാൽ 17.09.2017 ൽ 8 കോടി രൂപയ്ക്ക് കിഫ്ബി ലാന്റ് അക്വിസിഷനുവേണ്ടിയുള്ള ഫിനാൻഷ്യൽ സാങ്ഷൻ നൽകുകയും നിലവിൽ ലാൻഡ് |

| | | |
|---|---|---|
| | | അക്വിസിഷനു വേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരികയുമാണ്. |
| 14 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 11.64 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 08.04.2024 ൽ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിൽ പരിശോധിച്ച് വരികയാണ്. |
| 15 | കണ്ണൂർ ജവഹർ സ്റ്റേഡിയം | പ്രസ്തുത പദ്ധതിയുടെ ധാരണാപത്രത്തിൽ മുനിസിപ്പാലിറ്റി ഏർപ്പെടാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയ്ക്ക് നീക്കി വച്ച തുക കണ്ണൂർ മുണ്ടായാട് സ്റ്റേഡിയത്തിന്റെറെ വികസന പ്രവർത്തന പ്രവൃത്തിയ്ക്കായി വിനിയോഗിക്കുവാൻ ബഹു. മന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ പ്രൊപ്പോസൽ പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി വരികയാണ്. |
| 16 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 19.09.2023 ൽ ബഹു. കായിക വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ കിഫ്ബി ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ അവലോകന യോഗത്തിൽ തിരൂർ മുനിസിപ്പൽ സ്റ്റേഡിയം പ്രവൃത്തിയുടെ ധാരണാപത്രത്തിൽ മുനിസിപ്പാലിറ്റി ഏർപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി നീക്കിവച്ച തുക മലപ്പുറം പയ്യനാട് സ്റ്റേഡിയം നിർമ്മാണത്തിനായി വിനിയോഗിക്കുവാൻ തീരുമാനിച്ചു. |
| 17 | ഫറൂഖ് ഗണപതി സ്കൂൾ കോഴിക്കോട് | 08.02.2024 ലെ സർക്കാർ കത്ത് നം. എ1/314/2023 പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക കൂടി കോഴിക്കോട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കാൻ നിർദ്ദേശിച്ചു. |
| 18 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 24.10 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 07.10.2024 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 19 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 8.92 കോടിയുടെ ഡി.പി.ആർ തയ്യാറാക്കി 17.05.2023 ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ടി പദ്ധതി തൽക്കാലത്തേക്ക് കിഫ്ബി പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| 20 | കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവ.ഹൈസ്കൂൾ | പ്രസ്തുത പ്രവൃത്തിയുടെ ഡി. പി. ആർ 19.09.2023 ൽ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13.03.2024 ന് ലഭിക്കുകയും ചെയ്തിരുന്നു. നിർദ്ദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം നൽകിയിരുന്ന DAR ൽ (Detailed Appraisal Report) എസ്. പി. വി.യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുന്നതിനു മുൻപായി DAR ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ |

| | | |
|---|---|---|
| | | സ്ട്രക്ച്ചറൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിംഗിന് 30.05.2024 ൽ സമർപ്പിക്കുകയും, കിഫ്ബി സ്ട്രക്ച്ചറൽ ഡിസൈൻസ് പരിശോധിച്ച ശേഷം 24.09.2024 ന് റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം സ്ട്രക്ച്ചറൽ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ ചെയ്യുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ കൺസൾട്ടന്റായ M/s. Artlyക്ക് സമർപ്പിച്ചിട്ടുണ്ട്. M/s. Artly യിൽ നിന്നും മാറ്റങ്ങൾ വരുത്തിയ മോഡൽ ഉൾപ്പടെ റിപ്പോർട്ടിന്റെ മറുപടി രണ്ടാഴ്ചയ്ക്കകം കിഫ്ബിയിൽ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്നതാണ്. |
| 21 | പൊന്നാനി നിളാതീരം അക്വാട്ടിക് കോംപ്ലക്സ് | ടി പദ്ധതിയുടെ PED അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇത് 05.08.2024 ന ഭേദഗതികൾ നിർദ്ദേശിച്ച് കിഫ്ബിയിൽ നിന്ന് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. ടി ഭേദഗതികൾ വരുത്തിൽ കിഫ്ബിക്ക് പുനർസമർപ്പിക്കുന്നതാണ്. |
| 22 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും M/s. Project Engineers മായി 30.08.2024 ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| 23 | നിലമ്പൂർ മിനി സ്റ്റേഡിയം വർക്ക് ബാലൻസ് | 24.04.2024 ന് കായിക യുവജന കാര്യാലയം ഡയറക്ടറുടെ അദ്ധ്യക്ഷതയിലും 08.05.2024 ന് ബഹു കായിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഫോർ ക്ലോഷർ എഗ്രിമെന്റ്, പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കുകളുടെ പകർപ്പ്, ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്സ് എന്നിവ മുൻ എസ്.പി.വി യായ M/s. കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 15.05.2024 ന് കൈമാറി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിന്, പൂർത്തിയാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയുടെ വിദാംശങ്ങൾ M/s. കിറ്റ്കോയിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കി വരുന്നു. |

ACCOUNTS OFFICER

2356

| സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയിൽ നിന്നും ഏറ്റെടുത്ത കിഫ്ബി പ്രവൃത്തികളിൽ പ്രവൃത്തി ആരംഭിച്ചവയുടെ വിശദവിവരങ്ങൾ | | |
|---|---|---|
| ക്രമ നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
| 1 | പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി 14.03.2024 ന് ആരംഭിച്ചു. നിലവിൽ 5% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 2 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | പ്രസ്തുത പ്രവൃത്തി ടെണ്ടർ ക്ഷണിക്കുകയും M/s. Project Engineers മായി 30.08.2024 ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| 3 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | പദ്ധതിയുടെ ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് എന്ന കരാറുകാരന് 27.09.2024 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഉടൻ തന്നെ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

ACCOUNTS OFFICER

| കിറ്റ്കോയിൽ നിന്നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്ത വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ച പോയ പദ്ധതികൾ | | |
|---|---|---|
| ക്രമ നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
| 1 | ചെങ്ങന്നൂർ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ബാലൻസ് പ്രവൃത്തി | പ്രസ്തുത പദ്ധതിയിൽ ശേഷിക്കുന്ന പ്രവൃത്തികൾക്കായി 31.24 കോടിയുടെ ഡി.പി.ആർ തയ്യാറാക്കി 31.08.2024 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് വരുന്നു. |
| 2 | ഇടവ സ്റ്റേഡിയം - ബാലൻസ് പ്രവൃത്തി | സർക്കാർ ഉത്തരവ് (സാധാ) നം. 56/2024/കാ.യു.വ തീയതി 22.02.2024 പ്രകാരം ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി) സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായി. M/s.കിറ്റ്കോ ശേഷിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചതിനാൽ ടെണ്ടർ ഡോക്യുമെന്റ്സ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 18.05.2024 ന് M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് ടെണ്ടർ ഡോക്യുമെന്റ്സ് കൈമാറി നൽകിയിരുന്നു. M/s.കിറ്റ്കോ ടെണ്ടർ ചെയ്ത ശേഷിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി സ്പോർട്സ് കേരള ഫൗണ്ടേഷൻ 18.07.2024 ന് കൂടുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ പദ്ധതികളുടെ മാനേജ്മെന്റ് പോർട്ടലിൽ നിന്നും ടി പ്രവൃത്തിയുടെ Unique LoA ID ലഭ്യമായാൽ മാത്രമേ കരാറുകാരന് വർക്ക് ഓർഡർ നൽകി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്ബിയിൽ ഇതേ വിഷയം ചർച്ച ചെയ്യുകയും പ്രവൃത്തിയിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾക്കായി കിഫ്ബിയുടെ പദ്ധതി മാനേജ്മെന്റ് പോർട്ടലിൽ പദ്ധതിയുടെ എസ്റ്റിമേറ്റും അനുബന്ധ ഡ്രോയിംഗും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | ഓംകാരനാഥ ഇൻഡോർ സ്പോർട്സ് കോംപ്ലക്സ് , കൽപ്പറ്റ , വയനാട് | പദ്ധതിയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ മേപ്പിൾ ഫ്ലോറിംഗ് പ്രവൃത്തി ഒഴികെ ബാക്കി വർക്കുകൾ എല്ലാം മുൻ എസ്.പി.വി M/s കിറ്റ്കോ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിയായ മേപ്പിൾ ഫ്ളോറിംഗ് വർക്കുകൾ 10.01.2024 ലെ സർക്കാർ ഉത്തരവ് നം.09/2024/SYA പ്രകാരം പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷന ചുമതലപ്പെടുത്തി ഉത്തരവായി. എന്നാൽ കിറ്റ്കോ മേപ്പിൾ ഫ്ളോറിംഗ് പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചിരുന്നതിനാൽ ടെണ്ടർ ഡോക്യുമെന്റ്സ് ഉൾപ്പെടെ സ്പോർട്സ് |

| | | |
|---|---|---|
| | | കേരള ഫൗണ്ടേഷന് കൈമാറുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ 7 മാസം കഴിഞ്ഞിട്ടും കിറ്റ്കോയുടെ ഡോക്യുമെന്റ്സ് ലഭ്യമാക്കിയിട്ടില്ല. തുടർന്ന് 27.07.2024 ന് ചേർന്ന 25–ാം മത് ടെക്ക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| 4 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 20.09.2024 തീയ്യതിയിലെ സ.ഉ. നം. 234/2024/ക.യുവ പ്രകാരം പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനായി ടി പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ കൈമാറി നൽകുന്നതിനായി പ്രസ്തുത പദ്ധതിയുടെ മുൻ എസ്. പി.വി ആയ M/s. കിറ്റ്കോയ്ക്ക് 24.09.2024 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കത്ത് നൽകിയിട്ടുണ്ട്. |
| 5 | പയ്യന്നൂർ ഫുഡ്ബോൾ സ്റ്റേഡിയം | |
| 6 | നിലമ്പൂർ മിനി സ്റ്റേഡിയം, മലപ്പുറം - ബാലൻസ് വർക്ക് | 24.04.2024 ന് കായിക യുവജന കാര്യാലയം ഡയറക്ടറുടെ അദ്ധ്യക്ഷതയിലും 08.05.2024 ന് ബഹു കായിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളുടേയും അടിസ്ഥാനത്തിൽ ഫോർ ക്ലോഷർ എഗ്രിമെന്റ്, പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കുകളുടെ പകർപ്പ്, ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്സ് എന്നിവ മുൻ എസ്.പി.വി യായ M/s. കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 15.05.2024 ന് കൈമാറി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിന്, പൂർത്തിയാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയുടെ വിദാംശങ്ങൾ M/s. കിറ്റ്കോയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കി വരുന്നു. |

ACCOUNTS OFFICER